(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വിവരം ലഭിക്കുവാനുള്ള അവകാശം

5 [*116] ശ്രീ. വി. ജെ. പൗലോസ്:
,, എം. എ. വാഹീദ്:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരം ലഭിക്കുവാനുള്ള അവകാശം സംബന്ധിച്ച നിയമപ്രകാരം വിവരം ലഭിക്കണമെന്ന് അപേക്ഷിക്കുന്ന ഒരാൾക്ക് അത് സംബന്ധിച്ചുണ്ടാകുന്ന ചെലവുകൾ എന്തെല്ലാമാണ്;

(ബി) ഒരാൾ ആവശ്യപ്പെടുന്ന വിവരം സമയബന്ധിതമായി നൽകിയിരിക്കണം എന്ന് വ്യവസ്ഥയുണ്ടോ;

(സി) എങ്കിൽ ഇതിനുള്ള കാലാവധി എത്രയാണ് എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) വിവരാവകാശ ചട്ടപ്രകാരം വിവരങ്ങൾ ലഭിക്കുന്നതിന് പൊതുജനങ്ങൾ അപേക്ഷാ ഫീസായി പത്തുരൂപ ഒടുക്കേണ്ടതാണ്. വിവരങ്ങൾ നൽകുന്നതിന് പൊതു ജനങ്ങളിൽ നിന്നും താഴെപ്പറയുന്ന നിരക്കിൽ ഫീസ് ഈടാക്കുന്നതാണ്:

1. എ4 വലിപ്പത്തിലുള്ള പേപ്പറിൽ ലഭിക്കുന്നതിന് 2 രൂപ (ഓരോ പേജിനും)
2. വലിപ്പം കൂടുതലുള്ള പേപ്പറിൽ ലഭിക്കുന്നതിന് അതിനുള്ള യഥാർത്ഥ ചെലവ്.
3. സാമ്പിളുകളും മോഡലുകളും ലഭിക്കുന്നതിന് അതിനുള്ള യഥാർത്ഥ ചെലവ്.
4. രേഖകളുടെ പരിശോധനയ്ക്ക് ആദ്യത്തെ ഒരു മണിക്കൂറിന് ഫീസില്ല. അതിന് ശേഷമുള്ള ഓരോ 30 മിനിറ്റിനും അതിന്റെ അംശത്തിനും 10 രൂപ വീതം.
5. സി. ഡി., ഫ്ളോപ്പി തുടങ്ങിയ ഇലക്ട്രോണിക് രൂപത്തിൽ വിവരങ്ങൾ ലഭിക്കുന്നതിന് (ഓരോന്നിനും) 50 രൂപ
6. പ്രിന്റഡ് രൂപത്തിൽ വിവരങ്ങൾ ലഭിക്കുന്നതിന് (ഓരോ പേജിനും) 2 രൂപ നിശ്ചിത ഫീസ് ഈടാക്കുന്നതിൽ നിന്നും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വരെ ഒഴിവാക്കിയിട്ടുണ്ട്.

(ബി & സി) ഉണ്ട്. സാധാരണ കേസുകളിൽ, പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അപേക്ഷ ലഭിച്ചതിനുശേഷം മുപ്പത് ദിവസത്തിനുള്ളിലും പൗരന്റെ ജീവനേയോ സ്വാതന്ത്ര്യത്തേയോ ബാധിക്കുന്ന കേസുകളിൽ 48 മണിക്കൂറിനുള്ളിലും ആവശ്യപ്പെട്ട വിവരങ്ങൾ നൽകേണ്ടതാണ്.

GPM. 2/152/2013—4

LIBRARY ARCHIVES Kerala Legislative Assembly